(5) ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോപായ്ക്കറ്റ് 15 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(6) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP-യേക്കാളും 15 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(7) പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(8) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 56 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുരോഗമിച്ചു വരുന്നു.

(10) ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനക്ക് വയ്ക്കുന്നത്.

വിവിധയിനം സബ്സിഡിയിനത്തിലുള്ള കുടിശ്ശികകൾ

286 (1343) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സബ്സിഡി, മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡി, റേഷൻ സബ്സിഡി, സപ്ലൈകോയ്ക്ക് കൊടുത്തുതീർക്കേണ്ട സബ്സിഡി എന്നിവയിലുള്ള കുടിശ്ശിക ബാധ്യത സർക്കാരിന്റെ കണക്കുപ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

റേഷൻ സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് നിലവിൽ കുടിശ്ശികയില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ പ്രകാരം സബ്സിഡി നിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് സെപ്തംബർ വരെ 179.35 കോടി രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 65 കോടി രൂപ ഇതുവരെ നല്കിയിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡി നിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് 2008-09 മുതൽ ചെലവായ തുകയിൽ നിന്നും സർക്കാർ ധനസഹായം കഴിച്ചു ബാക്കിയുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

വർഷം	വിപണി ഇടപെടലിന് അധികമായി ചെലവായ തുക (കോടിയിൽ)
2008-09	31.22
2009-10	123.33
2010-11	42.50
2011-12	46.61
2012-13	153.55
2013-14	201.94
2014-15	114.35
ആകെ	713.50

വിവിധ പദ്ധതികൾ നടപ്പിലാക്കുകവഴി സപ്ലൈകോയ്ക്ക് ഒരു വർഷം ഉണ്ടാകാവുന്ന അറ്റനഷ്ടമായിരിക്കും സർക്കാർ നല്കാനുള്ള കുടിശ്ശിക. ഇതു 2010-11-ൽ 5.41 കോടി രൂപയും, 2011-12 വർഷം 39.22 കോടി രൂപയുമായിരുന്നു. ഇതിനുശേഷമുള്ള കാലയളവിൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല.

ഓണക്കിറ്റ് വിതരണം

287 (1344) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകി വരുന്ന ഓണക്കിറ്റ് ഈ വർഷത്തെ ഓണത്തിന് വിതരണം ചെയ്യുകയുണ്ടായോ;

(ബി) ഓണക്കിറ്റിനർഹതപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾ എത്രയാണ്; ഇതിൽ എത്ര പേർക്ക് കിറ്റ് വിതരണം ചെയ്തു;

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു; ഏത് തിയതിയിൽ;

LIBRARY ARCHIVES Kerala Legislative Assembly